# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.233 | 25.04.2017 ൽ മറുപടിക്ക്

### ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ആർദ്രം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; | (എ) & (ബി) | • ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.<br>• ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക<br>• പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക<br>• രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക<br>• 8 മെഡിക്കൽ കോളേജുകളിലെ ഒ.പി.സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക. |
| (ബി) | ആർദ്രം മിഷന്റെ ആഭിമുഖ്യത്തിൽ ആശുപത്രികളിലെ രോഗപരിചരണവും സേവനങ്ങളും വ്യക്തമാക്കാമോ; | | |
| (സി) | സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; | (സി) | ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യത്തോടെയുള്ള കാർഡിയോളജി യൂണിറ്റുകളും മറ്റു സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകളും ഘട്ടംഘട്ടമായി ആരംഭിക്കുന്നതാണ്. 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും കിഫ്ബി മുഖാന്തിരം നടക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിനു കീഴിലെ വിവിധ ആശുപത്രികളുടെ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | വികസനത്തിനുള്ള 2000 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സർക്കാർ ആശുപത്രികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഉപകരണങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെതന്നെ ആരോഗ്യ വകുപ്പിനു കീഴിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 50 കോടി രൂപയും തിരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 7 കോടി രൂപയും സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ സ്ഥാപിക്കുന്നതിനായി 17 കോടി 85 ലക്ഷം രൂപയും 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 20 കോടി രൂപയും, ആശുപത്രികളിൽ രോഗീ സൗഹൃദമാക്കുന്നതിന് 15 കോടി രൂപയും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങൾ ആക്കുന്നതിന് 23 കോടി രൂപയും 2017-18 സാമ്പത്തി വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി അത്യാവശ്യം വേണ്ട പോസ്റ്റുകൾ സൃഷ്ടിക്കുവാൻ സർക്കാർ തയ്യാറാകുമോ? | (ഡി) | സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി ജില്ലാ താലൂക്ക്തല ആശുപത്രികളിലും, തെരെഞ്ഞെടുക്കപ്പെട്ട പി.എച്ച്.സി കളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി ഘട്ടംഘട്ടമായി മാറ്റുന്ന പ്രവർത്തനങ്ങളുടെ ഭാഗമായും തെരെഞ്ഞെടുത്ത സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേണിൽ നിശ്ചിത മാനദണ്ഡങ്ങളോടെ മാറ്റം വരുത്തുന്നതിനുള്ള സ്റ്റാന്റൈഡെസേഷൻ പ്രൊപ്പോസൽ പരിഗണനയിലാണ്. |

[signature]

സെക്ഷൻ ഓഫീസർ